No: 4287777/G1/2020/G.Edn

**പതിനാലാം കേരളനിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1110** 05/03/2020 ലെ മറുപടി

**<u>ജൂനിയർ റെഡ് ക്രോസ്സ് കേഡറ്റുമാർക്കുള്ള ഗ്രേസ് മാർക്ക്</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ. ദാസൻ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ജൂനിയർ റെഡ് ക്രോസ്സ് കേഡറ്റുമാരായ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ഇപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര മാർക്കാണ് ഗ്രേസ് മാർക്കായി നൽകി വരുന്നത്; | (എ) ജൂനിയർ റെഡ് ക്രോസ്സ് കേഡറ്റുകൾക്ക് നിലവിൽ എസ്.എസ്. എൽ.സി. പരീക്ഷയിൽ 10 മാർക്കാണ് ഗ്രേസ് മാർക്കായി നൽകി വരുന്നത്. |
| (ബി) ഇപ്പോൾ നൽകിവരുന്ന ഗ്രേസ് മാർക്ക് വർദ്ധിപ്പിച്ച് മറ്റ് കേഡറ്റ് ഗ്രൂപ്പുകൾക്ക് നൽകുന്നത് പോലെ 25 മാർക്ക് നൽകണമെന്നുള്ള ഹൈക്കോടതി വിധി സർക്കാരിന്റെ മുന്നിലുണ്ടോ; വിശദമാക്കാമോ; | (ബി) ഇല്ല. ജൂനിയർ റെഡ് ക്രോസ് കേഡറ്റ്സിന് ഗ്രേസ് മാർക്ക് 25 ആയി വർദ്ധിപ്പിച്ചു നൽകണമെന്ന ആവശ്യത്തിന്മേൽ ജൂനിയർ റെഡ് ക്രോസ് സൊസൈറ്റി ഫയൽ ചെയ്ത WP( C ) 18661/2015, WP(C ) 34573/15 ന്മേൽ സർക്കാരിനോട് ഇക്കാര്യം അപേക്ഷകനെ നേരിൽ കേട്ട ശേഷം ഒരു മാസത്തിനകം പരിഗണിക്കണമെന്ന് ഉത്തരവിട്ടിരുന്നു. ഈ വിഷയത്തിൽ സർക്കാർ ഉത്തരവ് (സാധാ) നം.262/2017/പൊവിവ, തീയതി 02.02.2017 പ്രകാരം ജൂനിയർ റെഡ് ക്രോസ് കേഡറ്റ്സിന്റെ ഗ്രേസ് മാർക്ക് വർദ്ധിപ്പിച്ചു നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | അത്തരത്തിൽ ഒരു വിധി ഉണ്ടെങ്കിൽ ആ വിധിയുടെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് 25 മാർക്കായി വർദ്ധിപ്പിച്ച് നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ